# പതിനാലാം കേരള നിയമസഭ
# (അഞ്ചാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:2154** **05.05.2017-ൽ മറുപടിയ്ക്ക്**

## <u>മത്സ്യോൽപാദനം വർദ്ധിപ്പിക്കാൻ പദ്ധതി</u>

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.സി. ദിവാകരൻ | ശ്രീമതി. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |

| | | | |
|---|---|---|---|
| എ) | മത്സ്യോൽപാദനം വർദ്ധിപ്പിക്കാൻ ഏതെല്ലാം പദ്ധതികളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ; | എ) | മത്സ്യോത്പാദനം വർദ്ധിപ്പിക്കുന്നതിന് ചുവടെ ചേർക്കുന്ന പദ്ധതികളാണ് നിലവിലുള്ളത്.<br>1. നീല വിപ്ലവം പദ്ധതി<br>2. മത്സ്യ സമൃദ്ധി II പദ്ധതി.<br>3. നൂതന മത്സ്യകൃഷി പദ്ധതി.<br>4. നാഷണൽ അഡാപ്റ്റേഷൻ ഫണ്ട് ഫോർ ക്ലൈമറ്റ് ചെയ്ഞ്ച് പദ്ധതി.<br>5. ഓപ്പൺ വാട്ടർ റാഞ്ചിംഗ് പദ്ധതി.<br>6. മത്സ്യസങ്കേതങ്ങൾ സ്ഥാപിക്കുന്ന പദ്ധതി.<br>7. മത്സ്യോല്പാദന കേന്ദ്രങ്ങളും ഹാച്ചറികളും സ്ഥാപിക്കുന്ന പദ്ധതി.<br>8. നിലവിലുള്ള ഫാമുകളുടെയും ഹാച്ചറികളുടെയും നവീകരണ പദ്ധതി. |
| ബി) | മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ? | ബി) | ഉൾനാടൻ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് സ്വീകരിച്ചു വരുന്ന നടപടികൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |

സെക്ഷൻ ആഫീസർ

## അനുബന്ധം

## ഉൾനാടൻ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് സ്വീകരിച്ചു വരുന്ന നടപടികൾ

ഉൾനാടൻ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് 2015-16 വർഷങ്ങളിൽ കേരളത്തിലെ മുഴുവൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും സഹകരണത്തോടെ ഫിഷറീസ് വകുപ്പ് മത്സ്യസമൃദ്ധി II പദ്ധതി നടപ്പിലാക്കി.

ഫിഷറീസ് വകുപ്പ് മുഖേന 2016-17 സാമ്പത്തിക വർഷം 50% കേന്ദ്രാവിഷ്കൃത പദ്ധതിയായ ബ്ലൂറെവല്യൂഷൻ പദ്ധതിപ്രകാരം മത്സ്യ കൃഷിക്കായി പുതിയ കുളങ്ങൾ നിർമ്മിക്കുന്നതിനും, നിലവിലുള്ള കുളങ്ങൾ പുനരുദ്ധാരണം ചെയ്യുന്നതിനും ഓരുജലാശയങ്ങളിലെ കൂടുകൃഷി, മത്സ്യകർഷകർക്കുള്ള പരിശീലനം, എന്നീ പദ്ധതികൾക്കായി 1002.6 ലക്ഷം രൂപയുടെ കേന്ദ്രാനുമതി ലഭിച്ചിരുന്നു, ഇതിൽ 510.1 ലക്ഷം രൂപ കേന്ദ്ര വിഹിതമാണ്. ടി പദ്ധതി പ്രകാരം മേൽ ഘടക പദ്ധതികൾക്ക് കർഷകർക്ക് യൂണിറ്റ് കോസ്റ്റിന്റെ 50% തുക സബ്സിഡിയായി നൽകുന്നു.

ഉൾനാടൻ മത്സ്യലഭ്യത വർദ്ധിപ്പിക്കുന്നതിനും നൂതന മത്സ്യകൃഷി രീതി വ്യാപിപ്പിക്കുന്നതിനുമായി നൂതന മത്സ്യകൃഷിയുടെ പ്രദർശനകുളങ്ങൾ നടപ്പിലാക്കുന്നതിന് 2016-17 സാമ്പത്തിക വർഷം 550 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി ആയതിന്റെ പ്രവർത്തനങ്ങൾ നടന്നുവരുന്നു. ഓരുജലമത്സ്യങ്ങളുടെ സമ്മിശ്രമത്സ്യകൃഷി, ഓരുജലമത്സ്യങ്ങളുടെ കൂടുകൃഷി, റിസർവോയറുകളിലെ കൂടുകൃഷി, രോഗാണുവിമുക്ത കാരചെമ്മീൻ കൃഷി, ആറ്റുകൊഞ്ചുകൃഷി, റീസർക്കുലേറ്ററി അക്വാകൾച്ചർ സിസ്റ്റം, സമുദ്രങ്ങളിലെ ചിപ്പി, കല്ലുമ്മേക്കായ് കൃഷി, ഗിഫ്റ്റ് കൃഷി, നാരൻ ചെമ്മീൻ കൃഷി, അന്തരീക്ഷ വായു ശ്വസിക്കുന്ന മത്സ്യങ്ങളുടെ കൃഷി എന്നീ ഘടകങ്ങളാണ് ടി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിനു കീഴിൽ നാഷണൽ അഡാപ്റ്റേഷൻ ഫണ്ട് ഫോർ ക്ലൈമറ്റ് ചെയ്ഞ്ച് പദ്ധതിയിൽ ഉൾപ്പെടുത്തി ഏജൻസി ഫോർ ഡെവലപ്മെന്റ് ഓഫ് അക്വാകൾച്ചർ കേരള (ADAK) വഴി നബാർഡിന്റെ സഹായത്തോടെ കൈപ്പാട്-പൊക്കാളി നിലങ്ങളിലെ സംയോജിത മത്സ്യ-നെൽകൃഷി എന്ന പദ്ധതി (2015-19) ആലപ്പുഴ (100 ഹെക്ടർ), എറണാകുളം (100 ഹെക്ടർ), തൃശൂർ (100 ഹെക്ടർ), കണ്ണൂർ(300 ഹെക്ടർ) എന്നീ ജില്ലകളിലായി നടപ്പിലാക്കി വരുന്നു.

ഉൾനാടൻ മത്സ്യകൃഷി വികസനത്തിനായി 2017-18 സാമ്പത്തിക വർഷത്തിൽ വിവിധ പദ്ധതികൾക്കുള്ള അംഗീകാരം നൽകിയിട്ടുണ്ട്. അതിൽ ഉൾനാടൻ മത്സ്യസമ്പത്ത്

സംരക്ഷണത്തിനും നടത്തിപ്പിനുമായി 350 ലക്ഷം രൂപയുടെ പദ്ധതികളും, മത്സ്യോല്പാദന കേന്ദ്രങ്ങളും ഹാച്ചറികളും സ്ഥാപിക്കുന്നതിനായി 900 ലക്ഷം രൂപയുടെ പദ്ധതികളും, നിലവിലുള്ള ഫാമുകളുടെയും ഹാച്ചറികളുടെയും വികസനങ്ങൾക്കും പ്രവർത്തനങ്ങൾക്കുമായി 800 ലക്ഷം രൂപയുടെ പദ്ധതികളും, അക്വാകൾച്ചർ വികസനപ്രവർത്തനങ്ങൾക്കായി 2838 ലക്ഷം രൂപയുടെ പദ്ധതികൾ **ഉൾപ്പെടുന്നു.**

സംസ്ഥാനത്ത് ശുദ്ധജല മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് അഡാക്ക് മുഖാന്തിരം ആർ.കെ.വി.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി കോൾ നിലങ്ങളിലെ ഒരു നെല്ലും ഒരു മീനും പദ്ധതി നടപ്പിലാക്കിയിട്ടു ണ്ട്. കൂടാതെ പൊക്കാളി നിലങ്ങളിലെ പരിസ്ഥിതി സൗഹൃദ ചെമ്മീൻ കൃഷി, കുട്ടനാട്-കോൾ നിലങ്ങളിലെ ഒരു നെല്ലും ഒരു മീനും പദ്ധതി, കൈപ്പാട് നിലങ്ങളിലെ നെൽ-ചെമ്മീൻ കൃഷി, പെൻ മത്സ്യകൃഷി, കൂടുകളിലെ മത്സ്യകൃഷി, പരമ്പരാഗത മത്സ്യസമ്പത്ത് സംരക്ഷണം, വെള്ളായണി കായലിലും പാതിരാമണലിലും മത്സ്യസങ്കേതം സ്ഥാപിക്കൽ, പൊതുജലാശയങ്ങളിലും ജലസംഭരണികളിലും മത്സ്യവിത്ത് നിക്ഷേപിക്കൽ, ഓരുജല മത്സ്യകൃഷി തുടങ്ങിയ വിവിധ പദ്ധതികൾ നടപ്പിലാക്കിയിട്ടു ണ്ട്. പൊതുജലാശയങ്ങളിലേക്ക് വ്യാപിച്ച് പാരിസ്ഥിതിക പ്രശ്നങ്ങൾ ഉ ണ്ടാവാതിരിക്കാനുള്ള മുൻകരുതലുകൾ സ്വീകരിച്ച് ക്യാറ്റ്ഫിഷ്, ഗിഫ്റ്റ് തിലാപ്പിയ കൃഷിയും അഡാക്ക് മുഖേന നടപ്പിലാക്കി. പൊയ്യ ഫിഷ്ഫാമിൽ കരിമീൻ, പൂമീൻ,തിരുത സമ്മിശ്ര മത്സ്യകൃഷി, നവീന മത്സ്യ കൃഷിരീതികളായ കാളാഞ്ചികൃഷി, പൊംപാനോ (അമേരിക്കൻ ആവോലി) എന്നിവയുടെ കൃഷി നടപ്പിലാക്കിവരുന്നു. കർഷകർക്ക് ഗുണ നിലവാരമുള്ള പൂമീൻവിത്തുകൾ വിതരണം ചെയ്തു വരുന്നു.

**സെക്ഷൻ ആഫീസർ**